# കാലിക്കറ്റ് സർവ്വകലാശാല
# കലോത്സവ നിയമാവലി

വിദ്യാർത്ഥി ക്ഷേമവിഭാഗം
കാലിക്കറ്റ് യൂണിവേഴ്സിറ്റി

കാലിക്കറ്റ് യൂണിവേഴ്സിറ്റി. പി.ഒ.
മലപ്പുറം ജില്ല, കേരള, ഇന്ത്യ
പിൻ: 673 635

CUP/9338/12/1000

# കാലിക്കറ്റ് സർവ്വകലാശാല
# കലോത്സവ നിയമാവലി

വിദ്യാർത്ഥി ക്ഷേമവിഭാഗം
കാലിക്കറ്റ് യൂണിവേഴ്സിറ്റി

കാലിക്കറ്റ് സർവ്വകലാശാല
കലോത്സവ നിയമാവലി
2012, നവംബർ

അച്ചടി
കാലിക്കറ്റ് സർവ്വകലാശാലാ പ്രസ്സ്

(ഔദ്യോഗിക വിതരണത്തിനുമാത്രം)

വിദ്യാർത്ഥി ക്ഷേമവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
കാലിക്കറ്റ് സർവ്വകലാശാല പി. ഒ.
മലപ്പുറം, കേരളം. 673635

# ആമുഖം

നമ്മുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് അറിയുന്നതിനും അതേക്കുറിച്ച് പഠിക്കുന്നതിനും അവസരമൊരുക്കുകയാണ് സർവകലാശാല കലോത്സവങ്ങളുടെ ലക്ഷ്യം. കാലിക്കറ്റ് സർവ്വകലാശാല അതിനുകീഴിലെ കലോത്സവങ്ങൾ നടത്തുന്നതിനുവേണ്ടി 1988 ജനുവരി-8ാം തീയതി ചേർന്ന സിണ്ടിക്കേറ്റ് അംഗീകരിച്ച കലോത്സവ നിയമാവലി പ്രസിദ്ധീകരിച്ചിരുന്നു.

വിവിധ വിഭാഗങ്ങളിൽ നിന്നുള്ള നിരന്തരമായ ആവശ്യം പരിഗണിച്ച് 2.12.2011 ന് ചേർന്ന സിണ്ടിക്കേറ്റ് യോഗം യൂണിവേഴ്സിറ്റി കലോത്സവമാനുവൽ പരിഷ്കരിക്കാൻ തീരുമാനിച്ചു. തുടർന്ന് ഇതുസംബന്ധിച്ച് വിദ്യാർത്ഥി സംഘടനകൾ കലാകാരന്മാർ, വിദഗ്ധർ തുടങ്ങിയവരുമായി പലവട്ടം ചർച്ച നടത്തുകയും, അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു. 8.5.2012 ന് ചേർന്ന സിണ്ടിക്കേറ്റ് സ്റ്റാന്റിങ് കമ്മിറ്റി അഭിപ്രായങ്ങൾ വിലയിരുത്തുകയും കലോത്സവമാനുവൽ പരിഷ്കരിക്കുന്നതിന് ഡോ. വേണുഗോപാലൻ നായർ (ഡാൻസ് വിഭാഗം തലവൻ, ശ്രീ ശങ്കരാ സംസ്കൃത സർവകലാശാല), പ്രൊഫ. ജി. കുമാരവർമ്മ (സ്കൂൾ ഓഫ് ഡ്രാമ മുൻ മേധാവി), ഡോ. ജലജ വർമ (മ്യൂസിക് വിഭാഗം മേധാവി), ശ്രീ.ഫൈസൽ എളേറ്റിൽ എന്നിവരുൾപ്പെടുന്ന വിദഗ്ധ സമിതിയെ നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. 19.05.2012-ാം തീയതി ചേർന്ന വിദഗ്ധ സമിതിയുടെ അഭിപ്രായങ്ങൾ പരിഗണിച്ചു തയ്യാറാക്കിയ കലോത്സവമാനുവൽ 8.6.2012, 14.06.2012 എന്നീ തീയതികളിൽ ചേർന്ന സിണ്ടിക്കേറ്റ് സ്റ്റാന്റിങ് കമ്മിറ്റി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2012 ജൂൺ 29 ന് ചേർന്ന സിണ്ടിക്കേറ്റ് യോഗം 2012.587-ാം നമ്പർ ഇനമായി പരിഗണിച്ച് പുതുക്കിയ കലോത്സവമാനുവൽ അംഗീകരിക്കുകയും, പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. വളരെ വർഷങ്ങളായി തുടരുന്ന കലോത്സവനിയമാവലി കാലികമായി പുതുക്കിയ വൈസ് ചാൻസലർ ഡോ. അബ്ദുൾസലാം, വിദ്യാർത്ഥിക്ഷേമവിഭാഗം സ്റ്റാൻഡിങ് കമ്മറ്റി അംഗങ്ങളായ ശ്രീ. ടി.പി. അഷ്റഫ് അലി, അഡ്വ. പി.എം. നിയാസ്, പ്രൊഫ. വനജാക്ഷി, ശ്രീ. നവാസ്ജാൻ എ., ശ്രീ. ശിവരാമൻ കെ. തുടങ്ങിയ സർവകലാശാലാ അധികാരികളോടും ഡോ. വേണുഗോപാലൻ നായർ, പ്രൊഫ. ജി. കുമാരവർമ്മ, ഡോ. ജലജ വർമ, ശ്രീ. ഫൈസൽ എളേറ്റിൽ എന്നീ പ്രഗത്ഭമതികളോടുമുള്ള കൃതജ്ഞത സാദരം അറിയിക്കട്ടെ.

# കാലിക്കറ്റ് സർവ്വകലാശാല
# കലോത്സവ നിയമാവലി

**1. ഉദ്ദേശ്യലക്ഷ്യങ്ങൾ:**

1.1. വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ കലാ സാംസ്കാരിക അഭിരുചികളെ പ്രോത്സാഹിപ്പിക്കാനും പിന്തുണയ്ക്കാനുമായി കോളേജ്, സോണൽ, ഇന്റർസോൺ കലോത്സവങ്ങൾ സംഘടിപ്പിക്കുക.

1.2. യുവാക്കൾക്ക് ഒരു പൊതുവേദിയിൽ, സൗഹൃദപൂർണ്ണമായ അന്തരീക്ഷത്തിൽ ഒത്തു ചേരാനും കല, സാഹിത്യം, സംഗീതം, നൃത്തം, നാടകം തുടങ്ങിയ രംഗങ്ങളിൽ അവരുടെ വൈശിഷ്ട്യം പ്രകടിപ്പിക്കാനുമുള്ള സന്ദർഭം ഒരുക്കിക്കൊടുക്കുകയും ചെയ്യുക.

1.3. പ്രധാനമായും കലയുടെയും സംസ്കാരത്തിന്റെയും രംഗങ്ങളിൽ ആരോഗ്യകരമായ പാരമ്പര്യം ഉണ്ടാവുന്ന രീതിയിൽ യുവാക്കളിൽ സൗഹൃദവും സഹവർത്തിത്വമനോഭാവവും വികസിപ്പിക്കുന്നതിനാവശ്യമായ സന്ദർഭവും സാഹചര്യവും സൃഷ്ടിക്കുക.

1.4. യുവാക്കളുടെ കഴിവും ഊർജ്ജവും നിർമ്മാണാത്മകമായ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുക.

1.5 നമ്മുടെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ അറിയുകയും വിലമതിക്കുകയും അതിൽ അഭിമാനബോധം ഉണ്ടാവുകയും ചെയ്യുന്ന വിധത്തിൽ തിരിച്ചറിവുകൾ ഉണ്ടാക്കുകയും അതുവഴി ദേശീയ ഐക്യവും ഉദ്ഗ്രഥനവും സാധിക്കുകയും ചെയ്യുക.

1.6. വൈവിദ്ധ്യമാണ് എല്ലാ സംസ്ക്കാരങ്ങളുടെയും അടിസ്ഥാനം എന്ന തിരിച്ചറിവ് ഉണ്ടാക്കുകയും ഇതര സംസ്കാരങ്ങളോട് ബഹുമാനമുണ്ടാക്കും വിധത്തിൽ ആരോഗ്യകരമായി മത്സരങ്ങളിൽ പങ്കെടുക്കാൻ യുവജനങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്യുക.

## 2. നിയമാവലി

2.1 ഈ നിയമാവലിയെ കാലിക്കറ്റ് സർവ്വകലാശാല കലോത്സവ നിയമാവലി എന്നു പറയുന്നു.

2.2 സാന്ദർഭികമായ മറ്റു വിവക്ഷകൾ ഇല്ലെങ്കിൽ ഈ നിയമാവലിയിലെ-
(എ) നിയമം (Act) എന്നാൽ കാലിക്കറ്റ് സർവ്വകലാശാല നിയമം - 1975 എന്നും,
(ബി) കോളേജ് എന്നാൽ കാലിക്കറ്റ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നും
(സി) വിധികർത്താക്കൾ എന്നാൽ ഒരു മത്സരത്തിന്റെ ഫലം തീരുമാനിക്കാനായി നിയമിച്ചിട്ടുള്ളവർ എന്നും അർത്ഥം.

2.3 **ലക്ഷ്യം:** കോളേജ്, സോണൽ, ഇന്റർസോൺ തലങ്ങളിൽ കലോത്സവങ്ങളെ നിയന്ത്രിക്കുന്നതിനായുള്ള നിയമങ്ങളെ ഏകോപിപ്പിക്കുക.

2.4 **സാംഗത്യം:** കോളേജ്, സോണൽ, ഇന്റർസോൺ തലങ്ങളിൽ നടത്തുന്ന കലോത്സവങ്ങളിൽ ഉപയോഗക്ഷമമാണ്.

2.5 ഇതിനോടൊപ്പമുള്ള അനുബന്ധത്തിൽപ്പെടുത്തിയിട്ടുള്ള ഇനങ്ങളിലായിരിക്കും കോളേജ്, സോണൽ, ഇന്റർസോൺ തലങ്ങളിൽ മത്സരങ്ങൾ നടക്കുക.

## 3. കോളേജുതല മത്സരങ്ങൾ

3.1. കോളേജുതല മത്സരങ്ങൾ ഒക്ടോബർ ആദ്യവാരത്തിൽ നടത്തേണ്ടതാണ്. കോളേജുതല മത്സരങ്ങളുടെ നടത്തിപ്പിന്നായി താഴെ പറയുന്നവർ അടങ്ങിയ ഒരു സമിതി രൂപവൽക്കരിക്കണം:

1. പ്രിൻസിപ്പാൾ, 2. അദ്ധ്യാപക ഉപദേശകൻ, 3. ഫൈൻ ആർട്സ് അഡ്വൈസർ, 4. ഫൈൻ ആർട്സ് സെക്രട്ടറി, 5. കോളേജ് യൂണിയൻ ചെയർമാൻ, 6. കോളേജ് യൂണിയൻ സെക്രട്ടറി. (പ്രിൻസിപ്പാളും അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയും മറ്റു മൂന്നുപേരും അടങ്ങുന്നതാണ് കോറം.)

3.2 ഈ സമിതി കോളേജുതല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പരാതികളിന്മേൽ നടപടിയെടുക്കേണ്ട പരമാധികാരസമിതിയാണ്. ഈ സമിതിയുടെ തീരുമാനം അന്തിമമാണ്.

3.3 മത്സര ഫലനിർണ്ണയവുമായി ബന്ധപ്പെട്ട പരാതികൾ മത്സര ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം അപ്പീൽ സമിതി കൺവീനർക്ക് രേഖാമൂലം നൽകണം. ആയതിന് രസീത് നല്കേണ്ടതാണ്. പരാതികളിൽ അന്തിമ തീരുമാനം എടുക്കാനുള്ള അധികാരം അപ്പീൽ സമിതിക്കായിരിക്കും. കലോത്സവം നടക്കുന്ന ഓരോദിവസവും അപ്പീൽ സമിതി കൂടേണ്ടതും അതുവരെ ലഭിച്ച പരാതികളിൽ തീർപ്പ് കല്പിക്കേണ്ടതുമാണ്. വിധി കർത്താക്കൾ നൽകിയ മാർക്കുകൾ സംബന്ധിച്ച പരാതികൾ അപ്പീൽ സമിതി പരിഗണിക്കുന്നതല്ല.





3.4 ഈ സമിതി തയ്യാറാക്കുന്ന വിധികർത്താക്കളുടെ വിപുലമായ പട്ടികയിൽ നിന്ന് വിധികർത്താക്കളെ പ്രിൻസിപ്പാൾ നിയമിക്കണം. അങ്ങനെ നിയമിക്കപ്പെടുന്നവർ ബന്ധപ്പെട്ട രംഗത്ത് പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരായിരിക്കണം. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ബന്ധുക്കളേയോ, ഗുരുക്കന്മാരെയോ അവരോട് മറ്റു തരത്തിൽ താത്പര്യമുള്ളവരെയോ വിധികർത്താക്കളായി നിയമിക്കുവാൻ പാടില്ല. വിധികർത്താക്കളിൽ നിന്നും ഇതുസംബന്ധിച്ച് ഒരു സത്യവാങ്മൂലം പ്രിൻസിപ്പാൾ എഴുതി വാങ്ങേണ്ടതാണ്.

3.5 മത്സരാർത്ഥികൾ കോളേജ്/സർവകലാശാലാതലത്തിൽ പൂർണസമയ വിദ്യാർത്ഥിയും ബന്ധപ്പെട്ട അക്കാദമിക വർഷത്തിൽ ജൂലായ് ഒന്നിന് 25 വയസ്സിൽ കുറഞ്ഞവരും ഒരു വർഷത്തിൽ കുറയാതെയുള്ള ഡിഗ്രി/പോസ്റ്റ് ഗ്രാജുവേഷൻ/എം.ഫിൽ/ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്നവരും ആയിരിക്കണം. പൂർണസമയ ജോലിയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യതയില്ല.

3.6 സ്റ്റേജ്-സ്റ്റേജിതരം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി നൃത്തം, ഗാനം, ദൃശ്യ-നാടകം, ചിത്രം, സാഹിത്യം എന്നിങ്ങനെ അഞ്ച് ഉപവിഭാഗങ്ങളിലായാണ് മത്സരം നടക്കുക.

3.7. കോളേജുതലമത്സരങ്ങൾ സോണൽതല മത്സരങ്ങൾക്ക് വേണ്ടത്ര മുമ്പേ നടത്തിയിരിക്കണം. സോണൽ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹത നേടിയവരുടെ മുഴുവൻ പേരുവിവരം സോണൽ മത്സരങ്ങൾ നടക്കുന്നതിനു 15 ദിവസം മുമ്പെങ്കിലും സമർപ്പിക്കുന്ന വിധത്തിൽ കോളേജുതല മത്സരങ്ങൾ നടത്തണം.

3.8. കോളേജുതല മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് മാത്രമേ സോണൽ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ. ഒരു മത്സരാർത്ഥി മാത്രമേ ഉള്ളുവെങ്കിൽ സോണൽ തലത്തിലേക്ക് നേരിട്ട് യോഗ്യത നല്കാവുന്നതാണ്.

3.9. വിവിധഇനങ്ങളിൽ സോണൽ മത്സരങ്ങളിലേക്ക് യോഗ്യത നേടിയവരുടെ പേരുവിവരങ്ങൾ അടങ്ങിയ പട്ടിക, ഓരോ ഇനത്തിനും പ്രത്യേകം അപേക്ഷാഫോറത്തോടെ, പ്രിൻസിപ്പാളിന്റെയും ഫൈൻ ആർട്സ് അഡ്വൈസറുടെയും ഫൈൻ ആർട്സ് സെക്രട്ടറിയുടെയും കൈയ്യൊപ്പോടുകൂടി, സോണൽ കലോത്സവത്തിന്റെ സംഘാടക സമിതി കൺവീനർക്ക് നിശ്ചയിച്ച തീയ്യതിക്ക് മുമ്പായി എത്തിച്ചിരിക്കണം.

3.10. ഇങ്ങനെയുള്ള അപേക്ഷഫോറങ്ങളിൽ, പങ്കെടുക്കുന്ന ആളുടെ പേര് (ഇംഗ്ലീഷ് വലിയ അക്ഷരങ്ങളിൽ) ക്ലാസ്, പങ്കെടുക്കുന്ന ഇനം, കൈയ്യൊപ്പ് എന്നിവ ഉണ്ടായിരിക്കണം. സംഘ ഇനങ്ങളിൽ പങ്കെടുക്കുന്ന എല്ലാവരുടെയും കൃത്യമായ പേരുവിവരം രേഖപ്പെടുത്തിയിരിക്കണം.

## 4. സോണൽ മത്സരങ്ങൾ

4.1 കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളെ എ-പാലക്കാട്, ബി-കോഴിക്കോട്, സി-മലപ്പുറം, ഡി-തൃശ്ശൂർ, ഇ-ലക്ഷദ്വീപ്, എഫ്-വയനാട് എന്നിങ്ങനെ 6 സോണുകളായി തരംതിരിച്ചിരിക്കുന്നു.

4.2 സോണൽമത്സരങ്ങൾ എല്ലാ വർഷവും ക്രിസ്തുമസ്സ് അവധിയ്ക്കു മുമ്പേ നടത്തേണ്ടതാണ്. സോണൽ കലോത്സവങ്ങൾ നടത്താൻ താല്പര്യമുള്ള കോളേജുകളിൽ നിന്ന് മാധ്യമങ്ങൾ മുഖേന അറിയിപ്പു നൽകി അപേക്ഷ സ്വീകരിച്ച് അവിടെ ലഭ്യമായ സൗകര്യങ്ങൾ പരിഗണിച്ച് വൈസ്ചാൻസലർ, വിദ്യാർത്ഥിക്ഷേമവിഭാഗം ഡീൻ, യൂണിവേഴ്സിറ്റി യൂണിയൻ എന്നിവർ ചേർന്ന് ഒരു കലണ്ടർ മാസം മുൻപ് സോണൽ കലോത്സവവേദി തീരുമാനിക്കും. മത്സര തിയ്യതിയും ഇവർ തീരുമാനിക്കുന്നതാണ്. ഏതെങ്കിലും സോണൽ മത്സരങ്ങൾ നിശ്ചയിക്കപ്പെട്ട കോളേജിൽ വെച്ച് നടത്താൻ സാധിക്കാതെ വന്നാൽ യൂണിവേഴ്സിറ്റി യൂണിയൻ, വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡീൻ എന്നിവരുമായി ആലോചിച്ച് സ്ഥലവും കമ്മിറ്റികളും വൈസ്ചാൻസലർ തീരുമാനിക്കേണ്ടതാണ്.

4.3 സോണൽ മത്സരങ്ങളിൽ എ ഗ്രേഡോടുകൂടി ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരെ മാത്രമെ ഇന്റർസോൺ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയുള്ളൂ. ഒന്നിലധികം പേർ ഒന്നാം സ്ഥാനത്തു വന്നാൽ ഒന്നാം സ്ഥാനക്കാർ മാത്രവും ഒന്നാം സ്ഥാനത്ത് ഒന്നും, രണ്ടാം സ്ഥാനത്ത് ഒന്നിലധികവും വിജയികൾ ഉണ്ടെങ്കിൽ ഒന്നാം സ്ഥാനക്കാരെയും, രണ്ടാം സ്ഥാനത്തുള്ളവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന ഒരാളെയും ഇന്റർസോൺ മത്സരങ്ങളിൽ പങ്കെടുക്കാൻ അനുവദിക്കും.

4.4 സോണൽ മത്സരത്തിൽ താഴെകൊടുത്ത രീതിയിലാണ് പോയിന്റ് നൽകേണ്ടത്.

| | വ്യക്തിഗതം | ഗ്രൂപ്പ് |
|---|---|---|
| 1 ാം സ്ഥാനം | 5 | 10 |
| 2 ാം സ്ഥാനം | 3 | 6 |
| 3 ാം സ്ഥാനം | 1 | 2 |

4.5 മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കു പുറമെ എ, ബി, സി ഗ്രേഡുകളും നൽകുന്നുണ്ട്. ഗ്രേഡുകൾ താഴെ കാണുന്ന വിധത്തിലായിരിക്കണം നൽകേണ്ടത്.

എ ഗ്രേഡ് – 70 ശതമാനവും അതിനു മുകളിലും

ബി ഗ്രേഡ് – 70 ശതമാനത്തിനുതാഴെ 60 ശതമാനം വരെ.

സി. ഗ്രേഡ് – 60 ശതമാനത്തിനുതാഴെ 50 ശതമാനം വരെ

4.6 ഒരിനത്തിൽ രണ്ടിലധികം മത്സരാർത്ഥികൾ ഉണ്ടെങ്കിൽ മാത്രമെ മത്സരം ഉണ്ടാവുകയുള്ളൂ. മത്സരാർത്ഥികൾ മൂന്നിൽ കുറവാണെങ്കിൽ റജിസ്റ്റർ ചെയ്തവരെയെല്ലാം ഇന്റർസോണിൽ മത്സരിക്കാൻ അനുവദിക്കും.

4.7 സോണൽ മത്സരങ്ങൾ പ്രസ്തുത സോണിലെ ഏതെങ്കിലും കോളേജ് പ്രിൻസിപ്പലിന്റെ മേൽ നോട്ടത്തിലാണ് നടക്കുക. മത്സരങ്ങളുടെ പൊതുവായ നടത്തിപ്പിനും മേൽനോട്ടത്തിനും വേണ്ടി പ്രിൻസിപ്പൽ, കോളേജിലെ സീനിയറായ അധ്യാപകനെ പ്രോഗ്രാം കമ്മിറ്റി ചെയർമാനായി നാമനിർദ്ദേശം ചെയ്യണം. അതാത് ജില്ലകളിലെ യൂണിവേഴ്സിറ്റി യൂണിയൻ





എക്സിക്യൂട്ടീവ് മെമ്പർമാർ ആയിരിക്കും സംഘാടക സമിതി ജനറൽ കൺവീനർ. സോണൽ മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി പ്രോഗ്രാം കമ്മിറ്റിയുടെ പ്രവർത്തനത്തെ സഹായിക്കാൻ കോളേജ് അധ്യാപകർ ചെയർ ചെയ്യുന്ന മറ്റു കമ്മിറ്റികൾ ഉണ്ടായിരിക്കണം. അതാതു ജില്ലകളിലെ മുഴുവൻ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാരുടേയും യോഗം കലോത്സവ സംഘാടക സമിതി യോഗത്തിനു മുന്നോടിയായി വിളിച്ചു ചേർക്കേണ്ടതാണ്. യു.യു.സിമാരെ സംഘാടക സമിതി യോഗത്തിലേക്ക് വിളിക്കേണ്ടതാണ്.

4.8 സോണൽ മത്സരങ്ങൾക്കുവേണ്ടി താഴെപറയുന്നവർ അംഗങ്ങളായ ഒരു അപ്പീൽ സമിതി ഉണ്ടായിരിക്കണം.

1. പ്രിൻസിപ്പാൾ
2. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ (കൺവീനർ)
3. യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ/സെക്രട്ടറി
4. ജനറൽ കൺവീനർ
5. വൈസ്ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സിൻഡിക്കേറ്റംഗങ്ങൾ (ഒരാൾ വിദ്യാർത്ഥി പ്രതിനിധി)

(പ്രിൻസിപ്പാൾ/പ്രോഗ്രാം കമ്മിറ്റി ചെയർമാൻ മറ്റു രണ്ടു മെമ്പർമാരും ചേർന്നതാണ് കോറം)

4.9 സോണൽ മത്സരവുമായി ബന്ധപ്പെട്ട ഉണ്ടാവുന്ന എല്ലാ പരാതികളും, തർക്കങ്ങളും അപ്പീൽ സമിതിയുടെ പരിശോധനക്ക് വിധേയവും കമ്മിറ്റിയുടെ തീരുമാനം അന്തിമവുമായിരിക്കും. മത്സരഫല നിർണ്ണയവുമായി ബന്ധപ്പെട്ട പരാതികൾ മത്സര ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം അപ്പീൽ സമിതി കൺവീനർക്ക് രേഖാമൂലം നൽകണം. ആയതിന് രസീതു നൽകേണ്ടതാണ്. അപ്പീൽ ഫീസ് അൻപത് (50) രൂപ ആയിരിക്കും. കലോത്സവം നടക്കുന്ന ഓരോ ദിവസവും അപ്പീൽ സമിതി കൂടേണ്ടതും അതുവരെ ലഭിച്ച പരാതികളിൽ തീർപ്പ് കല്പിക്കേണ്ടതുമാണ്. വിധികർത്താക്കൾ നൽകിയ മാർക്കുകൾ സംബന്ധിച്ച പരാതികൾ അപ്പീൽ സമിതി പരിഗണിക്കുന്നതല്ല. മത്സര നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ മത്സരം പൂർത്തിയായി ഒരുമണിക്കൂറിനകം അപ്പീൽ സമിതി കൺവീനർക്ക് നൽകിയിരിക്കണം. ആയതിന് രസീതു നൽകേണ്ടതാണ്. ഇങ്ങനെ പരാതി നൽകാത്തവർ വിധി നിർണയ ശേഷം മത്സര നടത്തിപ്പ് സംബന്ധിച്ച് നൽകുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

4.10 എല്ലാ മത്സരാർത്ഥികളും (ഗ്രൂപ്പ് മത്സരത്തിലെ മെമ്പർമാരും) അവരുടെ കോളേജ് പ്രൻസിപ്പൽ ഒപ്പിട്ട തിരിച്ചറിയൽ കാർഡ് സോണൽ മത്സരത്തിനും ഇന്റർസോൺ മത്സരത്തിനും കൊണ്ടുവരേണ്ടതാണ്.

4.11 സോണൽ മത്സരങ്ങളുടെ പ്രോഗ്രാം കമ്മിറ്റി കൺവീനർമാർ, മൊത്തം വിജയികളുടെ ലിസ്റ്റ് വിശദവിവരങ്ങൾ സഹിതം മൂന്നുദിവസത്തിനകം, വിദ്യാർത്ഥിക്ഷേമ വിഭാഗം ഡീനിന് അയച്ചുകൊടുക്കേണ്ടതാണ്. ഇതിന്റെ പകർപ്പ് യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറിക്കും അയക്കേണ്ടതാണ്.

4.12 സർട്ടിഫിക്കറ്റും കാഷ് അവാർഡും വിതരണത്തിലെ താമസം ഒഴിവാക്കാൻ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരും ഇനീഷ്യലും കൃത്യമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് പ്രോഗ്രാം കമ്മിറ്റി ചെയർമാനും മത്സരാർത്ഥികളും ഉറപ്പു വരുത്തേണ്ടതാണ്. ഇതിനായി എസ്.എസ്. എൽ.സി ബുക്ക്/ഹാൾ ടിക്കറ്റിന്റെ പകർപ്പ് വയ്ക്കേണ്ടതാണ്.

## 5. ഇന്റർസോൺ മത്സരങ്ങൾ

5.1 ഇന്റർസോൺ മത്സരങ്ങൾ സ്റ്റേജിതരം, സ്റ്റേജ് എന്നീ വിഭാഗങ്ങളിൽ താഴെ പറയുന്ന അഞ്ച് ഉപവിഭാഗങ്ങളിലായാണ് നടക്കുക.

**സ്റ്റേജിതരം**

1. സാഹിത്യോത്സവം
2. ചിത്രോത്സവം

**സ്റ്റേജ്**

3. സംഗീതോത്സവം
4. നൃത്തോത്സവം
5. ദൃശ്യ - നാടകോത്സവം

5.2 ഇന്റർസോൺ കലോത്സവം എല്ലാവർഷവും ജനുവരി മാസത്തിൽ നടത്തേണ്ടതാണ്. കലോത്സവ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്തം സർവ്വകലാശാല യൂണിയന് ആയിരിക്കും. കാലിക്കറ്റ് സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറിയായിരിക്കും ഇന്റർ സോൺ കലോത്സവത്തിന്റെ ജനറൽ കൺവീനർ.

5.3 കലോത്സവം നടക്കുന്ന കോളേജിലെ ഒരു സീനിയർ പ്രൊഫസറെ ഇന്റർസോൺ മത്സരത്തിന്റെ പ്രോഗ്രാം കമ്മിറ്റി ചെയർമാനായി വൈസ് ചാൻസലർ നോമിനേറ്റ് ചെയ്യേണ്ടതാണ്.

5.4 ഇന്റർസോൺ മത്സരം നടത്താൻ താല്പര്യമുള്ള കോളേജുകളിൽ നിന്ന് മാധ്യമങ്ങൾ മുഖേന അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് അവയിൽ നിന്നും കോളേജുകളിൽ ലഭ്യമായ സൗകര്യങ്ങൾ കൂടി പരിഗണിച്ച് വൈസ് ചാൻസലർ, വിദ്യാർത്ഥിക്ഷേമവിഭാഗം ഡീൻ, യൂണിവേഴ്സിറ്റി യൂണിയൻ എന്നിവർ ചേർന്ന് കലോത്സവവേദിയും സമയവും രണ്ടു മാസം മുൻപ് തീരുമാനിക്കേണ്ടതാണ്.

5.5 ഇന്റർസോൺ കലോത്സവത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി ഒരു നിയന്ത്രണ അപ്പീൽ സമിതി (Steering and Appellate Committee - SAC) ഉണ്ടായിരിക്കും. ആ സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കും.

1. പ്രൊ വൈസ് ചാൻസലർ (ചെയർമാൻ)
2. ഡീൻ, വിദ്യാർത്ഥിക്ഷേമ വിഭാഗം (കൺവീനർ)
3. വൈസ് ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്ന 3 സിണ്ടിക്കേറ്റ് അംഗങ്ങൾ അതിൽ ഒരംഗം വിദ്യാർത്ഥി പ്രതിനിധി.
4. കാലിക്കറ്റ് സർവ്വകലാശാല യൂണിയൻ ചെയർമാൻ
5. കാലിക്കറ്റ് സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി
6. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ

(ചെയർമാനും കൺവീനറും മറ്റു മൂന്നംഗങ്ങളും അല്ലെങ്കിൽ ചെയർമാനോ കൺവീനറോ, മറ്റു മൂന്നംഗങ്ങളും ചേർന്നതാവും കോറം. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് നിയന്ത്രണ അപ്പീൽ സമിതി വിവിധ സബ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.)





5.6 നിയന്ത്രണ അപ്പീൽ സമിതിക്ക് കലോത്സവവുമായി ബന്ധപ്പെട്ട രേഖാമൂലമുള്ള പരാതികൾ സ്വീകരിക്കാനുള്ള അധികാരം ഉണ്ട്. ആവശ്യമെന്നുകണ്ടാൽ കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട ഏതു രേഖയും ആവശ്യപ്പെടാനും ഈ സമിതിക്ക് അധികാരമുണ്ടാവും. വിധികർത്താക്കൾ നൽകിയ മാർക്കുകൾ സംബന്ധിച്ച പരാതികൾ അപ്പീൽ സമിതി പരിഗണിക്കുന്നതല്ല.

5.7 മത്സര നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ മത്സരം പൂർത്തിയായി ഒരു മണിക്കൂറിനകം അപ്പീൽ ഫീസായ 100 രൂപ സഹിതം അപ്പീൽ സമിതി കൺവീനർക്ക് നൽകിയിരിക്കണം. ഇതിന് രസീതു നൽകേണ്ടതാണ്. ഫലനിർണയവുമായി ബന്ധപ്പെട്ട പരാതികൾ ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം അപ്പീൽ സമിതിക്ക് നൽകിയിരിക്കണം.

5.8 കലോത്സവം നടക്കുന്ന ഓരോ ദിവസവും അപ്പീൽ സമിതി കൂടേണ്ടതും അതുവരെ ലഭിച്ച പരാതികളിൽ തീർപ്പ് കല്പിക്കേണ്ടതുമാണ്.

5.9 അപ്പീൽ ഫീസ് 100 രൂപ ആയിരിക്കും. അപ്പീൽ ഫീസ് യാതൊരു കാരണവശാലും തിരിച്ചു നൽകുന്നതല്ല. ഇങ്ങനെ കിട്ടുന്ന തുക കലോത്സവ സംഘാടക സമിതിയുടെ അക്കൗണ്ടിലേക്ക് വരവു വെക്കുന്നതാണ്.

5.10 വിധികർത്താക്കളുടേയും നിയന്ത്രണ അപ്പീൽ സമിതിയുടെയും തീർപ്പുകൾക്കെതിരായി പത്രസമ്മേളനം വിളിച്ചു ചേർക്കുകയോ പത്രക്കുറിപ്പിറക്കുകയോ പാടില്ല.

5.11 പെരുമാറ്റദൂഷ്യം, നിയമ ലംഘനം എന്നീ കാരണങ്ങളാൽ പങ്കെടുക്കുന്ന ഏതൊരാളെയും, ടീമിനെയും, കോളേജിനേയും അയോഗ്യരാക്കാൻ നിയന്ത്രണ അപ്പീൽ സമിതിക്ക് അധികാരമുണ്ടായിരിക്കും.

5.12 ഓരോ ഇനത്തിലുമുള്ള മത്സരത്തിന് വേറെ വേറെ വിധികർത്താക്കളുടെ പട്ടിക വിദ്യാർത്ഥിക്ഷേമവിഭാഗം ഡീൻ തയ്യാറാക്കുകയും നിയന്ത്രണ അപ്പീൽ സമിതി അംഗീകരിക്കുകയും വേണം. അതാതു രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ മാത്രമേ വിധികർത്താക്കളായി നിയമിക്കാവൂ. മത്സരത്തിൽ പങ്കെടുക്കുന്നവരോട് ഏതെങ്കിലും തരത്തിലുള്ള താത്പര്യമോ ബന്ധുത്വമോ ഉള്ള വ്യക്തികളെ വിധികർത്താക്കളാക്കരുത്. വിധികർത്താക്കൾ അവരുടെ യോഗ്യത, സ്പെഷ്യലൈസേഷൻ എന്നിവയടങ്ങിയ ബയോഡാറ്റ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി സംഘാടകർക്ക് നൽകിയിരിക്കണം. വിധികർത്താക്കൾ കഴിവതും സർവകലാശാലാ പരിധിക്ക്

പുറത്തുനിന്നുള്ളവരായിരിക്കണം. ഇങ്ങനെ തയ്യാറാക്കുന്ന പാനലിന്റെ കാലാവധി ഒരുവർഷം ആയിരിക്കും. നിരുത്തരവാദപരമായി പെരുമാറുന്ന വിധികർത്താക്കളെ കരിമ്പട്ടികയിൽപെടുത്തേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ അവരെ പാനലിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാണ്.

5.13 നിയന്ത്രണ അപ്പീൽ സമിതി അംഗീകരിച്ച പാനലിലെ ജഡ്ജിനെ ലഭ്യമായില്ലെങ്കിൽ പാനലിന് പുറത്ത് നിന്നുമുള്ള ജഡ്ജിനെ എസ്.എ.സി ചെയർമാന്റെ (പ്രൊ.വൈസ് ചാൻസലറുടെ) മുൻകൂർ അനുവാദത്തോടെ നിയമിക്കാവുന്നതാണ്.

5.14 മത്സരത്തിന് ഓരോ ഇനത്തിനും മൂന്ന് വിധികർത്താക്കൾ ഉണ്ടാവണം. സാധാരണഗതിയിൽ മൂന്നു വിധികർത്താക്കളും നൽകിയ മാർക്കുകൾ തമ്മിൽ 10%ൽ അധികം വ്യത്യാസമുണ്ടെങ്കിൽ, ഏറ്റവും ഉയർന്നതോ കുറഞ്ഞതോ (അതാതിന്റെ സ്വഭാവം അനുസരിച്ച്) ആയ മാർക്ക് കണക്കിലെടുക്കേണ്ടതില്ല. മറിച്ച് 10% ൽ അധികം വ്യത്യാസം വരാത്ത മാർക്കുകളുടെ ശരാശരി എടുക്കേണ്ടതാണ്. എന്നാൽ എല്ലാ മൂന്നു മാർക്കുകളും തമ്മിൽ 10% ൽ അധികം വ്യത്യാസം കാണുകയാണെങ്കിൽ ഏറ്റവും കുറവു വ്യത്യാസമുള്ള രണ്ടുമാർക്കുകൾ എടുത്ത് ശരാശരി കണ്ടെത്തേണ്ടതാണ്. പരമാവധി മാർക്ക് 100 ആയി നിജപ്പെടുത്തണം.

5.15 ഇന്റർസോൺ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ സമയത്ത് എല്ലാ ഫോറങ്ങളും കൃത്യമായി പൂരിപ്പിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അർഹത സർട്ടിഫിക്കറ്റിൽ (Eligibility certificate) പറഞ്ഞ ഇടത്തിൽ ഫോട്ടോ പതിച്ച് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. അപേക്ഷാ ഫോറത്തോടൊപ്പം പേരിന്റെ കൃത്യത തെളിയിക്കുന്നതിനായി ഹാൾ ടിക്കറ്റ്/ മാർക്ക്ലിസ്റ്റിന്റെ പകർപ്പ് നിർബന്ധമായും വച്ചിരിക്കണം.

5.16 അതിനുപുറമെ മത്സരാർത്ഥികൾ മത്സര ദിവസങ്ങളിലെല്ലാം കോളേജ് തിരിച്ചറിയൽ കാർഡ് (Identity card) നിർബന്ധമായും കൈവശം വെച്ചിരിക്കണം. അധികൃതർ ആവശ്യപ്പെടുമ്പോൾ തിരിച്ചറിയൽ കാർഡ് കാണിക്കണം.

5.17 ഒരു മത്സരാർത്ഥി 4-ൽ കൂടുതൽ വ്യക്തിഗത സ്റ്റേജ് ഇനങ്ങളിൽ പങ്കെടുക്കാൻ പാടില്ല. എന്നാൽ സ്റ്റേജിതര ഇനങ്ങൾക്കും സംഘ ഇനങ്ങൾക്കും ഈ നിബന്ധന ബാധകമല്ല.

5.18 ഇന്റർസോൺ മത്സരത്തിൽ താഴെകൊടുത്ത രീതിയിലാണ് പോയിന്റ് നൽകേണ്ടത്.

| | വ്യക്തിഗതം | ഗ്രൂപ്പ് |
|---|---|---|
| 1 ാം സ്ഥാനം | 5 | 10 |
| 2 ാം സ്ഥാനം | 3 | 6 |
| 3 ാം സ്ഥാനം | 1 | 2 |

5.19 മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കു പുറമെ എ, ബി, സി ഗ്രേഡുകളും നൽകുന്നുണ്ട്. ഗ്രേഡുകൾ താഴെ കാണുന്ന വിധത്തിലായിരിക്കണം നൽകേണ്ടത്.





| | | |
|---|---|---|
| എ ഗ്രേഡ് | - | 70 ശതമാനവും അതിനു മുകളിലും |
| ബി ഗ്രേഡ് | - | 70 ശതമാനതിനുതാഴെ 60 ശതമാനം വരെ. |
| സി. ഗ്രേഡ് | - | 60 ശതമാനതിനുതാഴെ 50 ശതമാനം വരെ |

5.20 ഒരു മത്സരാർത്ഥിക്ക് വ്യക്തിഗത സ്റ്റേജ് ഇനങ്ങളിൽ കിട്ടിയ ആകെ പോയിന്റുകളുടെ അടിസ്ഥാനത്തിൽ ആൺ പ്രതിഭാപട്ടം കലാപ്രതിഭയും പെൺപ്രതിഭാപട്ടം കലാതിലകവും നൽകണം. പോയിന്റുകൾ തുല്യമായി വരുകയാണെങ്കിൽ മത്സരാർത്ഥിക്ക് ഗ്രൂപ്പ് ഇനങ്ങളിൽ ലഭിച്ച പോയിന്റും പരിഗണിക്കാവുന്നതാണ്. തുടർന്നും തുല്യമാവുകയാണെങ്കിൽ മത്സരാർത്ഥി നേടിയ യഥാർത്ഥപോയിന്റിന്റെ ശതമാന അടിസ്ഥാനത്തിൽ പ്രതിഭയെ/തിലകത്തെ നിശ്ചയിക്കാം. ഇനിയും തുല്യത തുടരുകയാണെങ്കിൽ നറുക്കെടുപ്പു വഴി പ്രതിഭയെ/തിലകത്തെ നിശ്ചയിക്കേണ്ടതാണ്.

5.21 ചിത്രോത്സവം, സാഹിത്യോത്സവം എന്നിവയിൽ കൂടുതൽ പോയിന്റുകൾ നേടുന്നവർക്ക് യഥാക്രമം ചിത്രപ്രതിഭ, സാഹിത്യപ്രതിഭ എന്നീ പ്രതിഭാപട്ടങ്ങൾ നല്കേണ്ടതാണ്.

5.22 ഏറ്റവും കൂടുതൽ പോയന്റുകൾ നേടിയ കോളേജിന് ടീം/ഓവറോൾ ചാമ്പ്യൻഷിപ്പ് നൽകേണ്ടതാണ്. മികച്ച നടൻ/മികച്ച നടി എന്നീ സ്ഥാനങ്ങൾക്ക് പോയന്റുകൾ നൽകുന്നതല്ല.

5.23 വിധി കർത്താക്കൾ നൽകിയ സ്കോർ ഷീറ്റിൽ തിരുത്തലുകൾ ഉണ്ടാവാൻ പാടില്ല. എവിടെയെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ അവ ബന്ധപ്പെട്ട വിധികർത്താവിന്റെ പൂർണ കൈയൊപ്പോടുകൂടി മാത്രമെ സ്വീകരിക്കാൻ പാടുള്ളൂ. വിധികർത്താക്കൾ മത്സരത്തിനിടെ പരസ്പരം ആശയവിനിമയം നടത്തരുത്. ഓരോ ഇനത്തിന്റെയും അവസാനത്തിൽ വിധി കർത്താക്കൾ സ്കോർ ഷീറ്റ് അപ്പീൽ സമിതി നിയോഗിച്ച സ്റ്റേജ് മാനേജർമാരെ ടാബുലേഷനും വിധി പ്രഖ്യാപനത്തിനുമായി ഏൽപ്പിക്കേണ്ടതാണ്. സ്കോർ ഷീറ്റ്, ടാബുലേഷൻ ഷീറ്റ് മത്സരവുമായി ബന്ധപ്പെട്ട മറ്റ് പ്രധാന രേഖകൾ എന്നിവ ഫലപ്രഖ്യാപനം കഴിഞ്ഞ ഉടനെ കവറുകളിലാക്കി സീൽ ചെയ്ത് വിദ്യാർത്ഥിക്ഷേമ വിഭാഗം ഡീനിന്റെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതാണ്. SAC- യുടെ സാന്നിദ്ധ്യത്തിൽ മാത്രമേ ഇവ തുറക്കാവൂ.

## സ്റ്റേജ്/സ്റ്റേജിതര ഇനങ്ങൾക്കുള്ള നിയമങ്ങൾ

1. 1 മുതൽ 19 വരെ ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന ഇനങ്ങൾ സ്റ്റേജിതര ഇനങ്ങളും 20 മുതൽ 67 വരെ സ്റ്റേജിനങ്ങളുമാണ്.
2. സാഹിത്യ മത്സരങ്ങളുടെയും ഫൈൻ ആർട്സ് മത്സരങ്ങളുടെയും (1, 2, 3, 6, 9, 10, 11, 12, 13, 14 ഇനങ്ങൾ) വിഷയങ്ങൾ മത്സരങ്ങൾ തുടങ്ങുന്നതിന് 10 മിനുട്ട് മുമ്പ് മാത്രമെ പ്രഖ്യാപിക്കുകയുള്ളൂ.
3. പ്രസംഗ മത്സരത്തിന്റെ വിഷയം മത്സരത്തിന്റെ 15 മിനുട്ട് മുമ്പ് മാത്രമേ പ്രഖ്യാപിക്കുകയുള്ളൂ.
4. ക്വിസ് മത്സരത്തിന് മുമ്പ് മൂല്യനിർണയത്തിന്റെ കൃത്യമായ നിയമങ്ങളും ഓരോ ചോദ്യത്തിനു നൽകേണ്ട സമയദൈർഘ്യവും ഓരോ റൗണ്ടുക

ളെയും കുറിച്ചുള്ള വ്യക്തതയും ഉണ്ടാക്കി മത്സരാർത്ഥികൾക്ക് നൽകണം. മത്സരത്തിൽ ക്വിസ് മാസ്റ്ററുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

5. കൊളാഷ് തത്സമയ മത്സരങ്ങൾക്കു വേണ്ടി കത്രികയും ആവശ്യമുള്ള മറ്റു സാധനങ്ങളും മത്സരാർത്ഥി തന്നെ കൊണ്ടുവരേണ്ടതാണ്.

6. 1, 2, 3, 9, 10, 11, 12 മത്സരങ്ങൾക്കു വേണ്ട പേപ്പറുകളും 13-ാം മത്സരത്തിനു വേണ്ട കളിമണ്ണും 15-ന് വേണ്ട തുണിയും യൂണിവേഴ്സിറ്റി യൂണിയൻ നൽകേണ്ടതാണ്. മത്സരാർത്ഥികൾ ഈ ഇനങ്ങൾക്കു വേണ്ട പേന, മഷി, ബ്രഷ്, പെയ്ന്റ് , നൂൽ, സൂചി എന്നിവ കൊണ്ടുവരേണ്ടതാണ്. ക്ലേ മോഡലിങ് മത്സരത്തിൽ ചിത്രങ്ങൾ നോക്കി നിർമ്മിക്കാൻ അനുവദിക്കുന്നതല്ല. ലളിത സംഗീതത്തിനും ക്ലാസ്സിക്കൽ സംഗീതത്തിനും 2 വീതം സഹായികളെ അനുവദിക്കുന്നതാണ്, സഹായികൾ വിദ്യാർത്ഥികളായിരിക്കണമെന്നില്ല.

7. 22, 23 ഇനങ്ങളായ സംഘഗാനങ്ങളിൽ ഉപകരണങ്ങൾ മത്സരാർത്ഥികൾ തന്നെ വായിക്കേണ്ടതാണ്. ഉപകരണ സംഗീതവുമായി ബന്ധപ്പെട്ട ഇനങ്ങളിൽ ഉപകരണങ്ങൾ മത്സരാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്. പാശ്ചാത്യ ഉപകരണ സംഗീതത്തിൽ പാശ്ചാത്യ സംഗീതം തന്നെ വായിക്കേണ്ടതാണ്. 36-ാം ഇനത്തിൽ (*ഗിറ്റാർ/ബൻജോ*) delay unit ഉപയോഗിക്കാൻ പാടില്ല.

8. നൃത്ത ഇനങ്ങളിൽ (46, 47, 48, 61) നട്ടുവാംഗത്തിനു പുറമെ മൃദംഗം, വായ്പാട്ട്, ഫ്ളൂട്ട്/വയലിൻ എന്നീ പക്കമേളങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. മേൽ നിബന്ധനകൾ പാലിച്ചുകൊണ്ടുള്ള സി.ഡി.യും ഉപയോഗിക്കാവുന്നതാണ്. പക്കമേളം പുറത്ത് ദൃശ്യമാകാത്ത രൂപത്തിൽ ക്രമീകരിക്കേണ്ടതാണ്. നൃത്ത/നാടക ഇനങ്ങളിൽ അവതരിപ്പിക്കുന്ന പ്രമേയത്തിന്റെ ചുരുക്കം, മത്സരത്തിനുമുൻപ് വിധികർത്താക്കൾക്ക് നൽകിയിരിക്കണം.

9. 54-ാം ഇനത്തിൽ കൈകൊട്ടിക്കളിയോ അതിന്റെ വ്യത്യസ്ത രൂപങ്ങളോ അല്ല, തിരുവാതിരക്കളിയുടെ സാമ്പ്രദായിക രൂപമാണ് അവതരിപ്പിക്കേണ്ടത്. പരമ്പരാഗത ഗീതങ്ങൾ (ഗണപതി, സരസ്വതി, കഥകളിപദം/തിരുവാതിര പാട്ട്, കുറത്തി, കുമ്മി, പൂ പറിക്കുന്ന പാട്ട്, വഞ്ചിപ്പാട്ട്, മംഗളം) മാത്രമേ അവതരിപ്പിക്കാവൂ. പെൺകുട്ടികൾ മാത്രമേ ഈ ഇനത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ.

10. 55-ാം ഇനത്തിൽ കോലാട്ടമല്ല; കോൽക്കളിയുടെ സാമ്പ്രദായിക രൂപമാണ് അവതരിപ്പിക്കേണ്ടത്.

11. നാടകം അവതരണത്തിന് അനുവദിച്ച 30 മിനുട്ടിൽ സീനുകൾക്കിടയിൽ വരുന്ന സ്റ്റേജ് സെറ്റിങ് സമയവും ഉൾപ്പെടുന്നതാണ്. നാടകം തുടങ്ങുന്നതിനു മുമ്പ് 10 മിനുട്ട് സമയം സ്റ്റേജ് തയ്യാറാക്കുന്നത് അനുവദിക്കുന്നതാണ്.

12. 63-ാം ഇനമായ മൈം (മൂകാഭിനയം) ഒരു ഗ്രൂപ്പ് ഇനമാണ്. മൂകാഭിനയത്തിൽ 1 മുതൽ 6 വരെ മത്സരാർത്ഥികൾക്ക് പങ്കെടുക്കാം. അഭിനയത്തിന്റെ അവതരണം വാക്കുകൾ ഉപയോഗിക്കാതെ ശരീര ചലനങ്ങൾ കൊണ്ടുമാത്രമെ പാടുള്ളൂ. അവതരണത്തിന്റെ തത്വം, അവതരണ മേന്മ,





വേഷവിതാനങ്ങൾ, പശ്ചാത്തല സംഗീതം, പൊതുവായ ഗുണങ്ങൾ എന്നിവ വിധി നിർണയത്തിന് ഉപയോഗിക്കാം. (62, 63 ഇനങ്ങൾക്ക് വിദ്യാർത്ഥികളല്ലാത്തവർക്ക് പശ്ചാത്തല സംഗീതം അവതരിപ്പിക്കാവുന്നതാണ്)

13. 65-ാം ഇനമായ കഥാപ്രസംഗത്തിൽ പശ്ചാത്തല സംഗീതം ഉപകരണ സംഗീതത്തിലും വായ്പാട്ടിലുമായി വിദ്യാർത്ഥികൾ തന്നെ ചെയ്യേണ്ടതാണ്.

14. 19-ാം ഇനമായ പൂക്കളത്തിൽ ഇലകൾ, കമ്പുകൾ, പൊടികൾ എന്നിവ ഉപയോഗിക്കരുത്, പൂവുകൾ മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ.

15. 6-ാം ഇനമായ ഡിബേറ്റിൽ ഓരോ കോളേജിനേയും പ്രതിനിധീകരിച്ച് രണ്ടു പേരടങ്ങിയ ഒരു ടീം. ആണ് മത്സരിക്കേണ്ടത്, മലയാളത്തിലോ, ഇംഗ്ലീഷിലോ, ഹിന്ദിയിലോ ഉള്ളവിഷയത്തിൽ ഒരാൾ അനുകൂലമായും രണ്ടാമത്തെ ആൾ എതിരായും സംസാരിക്കും. ഡിബേറ്റിന്റെ വിഷയം മത്സരത്തിന്റെ 15 മിനുട്ട് മുമ്പ് പ്രഖ്യാപിക്കുന്നതാണ്. ഓരോ മത്സരാർത്ഥിക്കും പരമാവധി 5 മിനുട്ട് സമയമാണ് അനുവദിക്കേണ്ടത്. പത്ര വായന അനുവദനീയമല്ല.

16. 15-ാം ഇനമായ പോസ്റ്റർ നിർമ്മാണത്തിൽ ഓരോ കോളേജും ഒരു മത്സരാർത്ഥിയെയാണ് പങ്കെടുപ്പിക്കേണ്ടത്. ഈ ഇനത്തിൽ തന്നിട്ടുള്ള/വിഷയത്തിൽ 15 X 22 വലിപ്പമുള്ള പേപ്പറിൽ രചന നടത്തണം. മത്സരസമയം പരമാവധി 2 1/2 മണിക്കൂറാണ്. വിഷയം/പേപ്പർ വലിപ്പം തുടങ്ങിയവയും മറ്റു നിയമവശങ്ങളും മത്സരസമയത്ത് പ്രഖ്യാപിക്കുന്നതാണ്.

17. 16-ാം ഇനമായ രംഗോളിയിൽ പരമാവധി സമയം 2 1/2 മണിക്കൂറാണ്. മത്സരത്തിൽ അവരവർക്ക് ഉപയോഗിക്കേണ്ട വസ്തുക്കൾ മത്സരാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്. രംഗോളിയുടെ മാധ്യമവും ആഖ്യാനങ്ങളും സ്വതന്ത്രമോ, ചിത്രീകരണങ്ങളോ ആകാവുന്നതാണ്. മത്സരത്തിൽ ഏതെങ്കിലും ഒരു മാധ്യമമേ ഉപയോഗിക്കാവൂ. കടകളിൽ നിന്ന് കിട്ടുന്ന നിറങ്ങളും പോസ്റ്റർ കളറുകളും പ്രകൃതിദത്തമായ വസ്തുക്കളിൽ നിന്ന് കിട്ടുന്ന നിറപ്പൊടികളും ഒട്ടിക്കാതെയാണ് ഉപയോഗിക്കേണ്ടത്. മത്സരാർത്ഥികൾ മത്സരത്തിനായി നൽകിയ നിശ്ചിത സ്ഥലത്തുവേണം രംഗോളി നിർമ്മിക്കാൻ.

18. 26-ാം ഇനമായ പാശ്ചാത്യ സംഗീതത്തിൽ (വ്യക്തിഗതം) സ്റ്റേജ്/ഉപകരണം സജ്ജീകരിക്കുന്നതിന് 5 മിനുട്ട് സമയം നൽകണം. രണ്ടിൽ കൂടുതൽ സഹായികൾ പാടില്ല. ഇംഗ്ലീഷിലുള്ള പാട്ടിന് 4 മുതൽ 6 മിനുട്ട് വരെ സമയം നൽകാവുന്നതാണ്.

19. 27-ാം ഇനമായ നാടോടി സംഗീതത്തിൽ നാടൻ പാട്ടിന്റെ ട്യൂണുകളും, നാടോടി ഉപകരണങ്ങളും മാത്രമെ അനുവദിക്കുകയുള്ളൂ. അവതരണത്തിൽ 8 മുതൽ 10 മിനുട്ടു വരെ സമയം അനുവദിക്കാവുന്നതാണ്. അവതരണത്തിനു മുമ്പ് സ്റ്റേജ് തയ്യാറാക്കുന്നതിന് 5 മിനുട്ടു വരെ സമയം അനുവദിക്കാം.

20. 28-ാം ഇനമായ സെമി ക്ലാസ്സിക്കൽ സംഗീതത്തിൽ സിനിമപാട്ടുകൾ അനുവദനീയമല്ല. കർണ്ണാടകസംഗീതത്തിലോ, ഹിന്ദുസ്ഥാനിയിലോ പാടാവുന്നതാണ്.

21. 64-ാം ഇനമായ സ്കിറ്റിൽ അവതരിപ്പിക്കുന്ന പ്രമേയത്തിന്റെ 3 കോപ്പികൾ അവതരിപ്പിക്കുന്ന ഭാഷയിൽ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കണം. ഇതിവൃത്തം, അഭിനയം, രംഗസംവിധാനം, വേഷം, സമഗ്രാഭിനയം എന്നിവ അടിസ്ഥാനമാക്കിയായിരിക്കണം വിലയിരുത്തൽ, വ്യക്തിഹത്യ, അശ്ലീല പരാമർശങ്ങൾ, സ്വഭാവഹത്യ എന്നിവ പാടില്ല.

22. 17-ാം ഇനമായ ഫോട്ടോഗ്രാഫിയിൽ 12 മെഗാ പിക്സലിൽ കുറഞ്ഞ ഡിജിറ്റൽ ക്യാമറ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. മത്സരാർത്ഥികൾ അനുവദിച്ച 2 1/2 മണിക്കൂർ സമയത്തിൽ വിധികർത്താക്കൾ തത്സമയം നിർദ്ദേശിച്ച വിഷയത്തിൽ 5 ഫോട്ടോഗ്രാഫുകൾ എടുക്കേണ്ടതാണ്. ഡിജിറ്റൽ ചിത്രങ്ങൾ ആകർഷണീയത, ഘടന, സാങ്കേതിക ഗുണം, വിഷയബന്ധം എന്നിവയെ അടിസ്ഥാനമാക്കിയാണ് മൂല്യനിർണയം ചെയ്യുന്നത് ഫോട്ടോകൾ കംപ്യൂട്ടർ ഉപയോഗിച്ചു ഗുണമേന്മയുണ്ടാക്കാൻ പാടില്ല.

23. 49-ാം ഇനമായ നാടോടിനൃത്തം (വ്യക്തിഗതം) തെയ്യം, പടയണി, കാക്കാരശി, വെളിച്ചപ്പാട്, തുടങ്ങിയ നൃത്തങ്ങളുടെ ആവിഷ്കാരമായിരിക്കണം. അവയുമായി ബന്ധപ്പെട്ട ഗീതങ്ങളും ആടയാഭരണങ്ങളും മാത്രമേ ഉപയോഗിക്കാവൂ.

24. 53-ാം ഇനമായ നാടോടിനൃത്ത(ഗ്രൂപ്പ്)ത്തിൽ നാടോടിനൃത്തരൂപങ്ങൾ തന്നെയായിരിക്കണം അവതരിപ്പിക്കേണ്ടത്. സാമൂഹിക/സമകാലിക പ്രശ്നങ്ങൾ നാടോടിവേഷവിധാനത്തിൽ അവതരിപ്പിക്കുന്നത് അനുവദനീയമല്ല നാടൻ വേഷഭൂഷാദികൾ ഉപയോഗിക്കണം. സെറ്റിങ്സ് അനുവദിക്കുന്നതല്ല. ഓർക്കസ്ട്ര സെറ്റ് ചെയ്യുന്നതിന് 5 മിനുട്ട് അനുവദിക്കുന്നതാണ്.

25. 61-ാം ഇനമായ കേരള നടനത്തിൽ പക്കമേളത്തിന് കേരളീയ വാദ്യങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.

26. 31-ാം ഇനമായ ഗാനമേളക്ക് റിഥം, വയലിൻ, ഗിറ്റാർ, കീ ബോർഡ് എന്നീ വാദ്യങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. പാട്ടുകാരുടെ എണ്ണം 3 - ൽ കൂടരുത്. ചലച്ചിത്രഗാനങ്ങളും അവതരിപ്പിക്കാവുന്നതാണ്.

27. 32-ാം ഇനത്തിൽ അമിതമായ സംഗീതത്തിന് സ്ഥാനമില്ല ഒറ്റവാക്യത്തിൽ മുഖവുര പറയാം. ഇടയ്ക്ക, ഫ്ളൂട്ട്, ചെണ്ട തുടങ്ങിയ ഏതെങ്കിലുമൊരു കേരളീയ വാദ്യം പക്കമേളമായി ഉപയോഗിക്കാം.

മത്സരാർത്ഥികൾ ശ്രദ്ധാപൂർവ്വം ഓരോ വിഷയത്തിന്റെയും നിയമങ്ങൾ പഠിക്കേണ്ടതാണ്. വിധികർത്താക്കൾ ഓരോ ഇനത്തിലും എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും.





# സ്റ്റേജിതര മത്സരങ്ങൾ

## 1. സാഹിത്യ മത്സരങ്ങൾ

| ക്രമ നമ്പർ | മത്സരങ്ങൾ | മത്സരാർ-ത്ഥികൾ | സഹായികൾ | സമയം |
|---|---|---|---|---|
| 1 | പ്രബന്ധരചന ( 8 ഭാഷകളിൽ മലയാളം, ഇംഗ്ളീഷ്, ഹിന്ദി, അറബിക്, സംസ്കൃതം, ഉറുദു, തമിഴ്) | 1 | | 2 മണിക്കൂർ |
| 2 | ചെറുകഥാരചന (do) | 1 | | 2 മണിക്കൂർ |
| 3 | കവിതാരചന (do) | 1 | | 2 മണിക്കൂർ |
| 4 | പ്രസംഗം (do) | 1 | | 5 മിനുട്ട് |
| 5 | ക്വിസ്സ് | 3 | | |
| 6 | ഡിബേറ്റ് | 2 | | 4-5 മിനുട്ട് |
| 7 | അക്ഷരശ്ളോകം | 1 | | |
| 8 | കാവ്യകേളി | 1 | | |

## 2. ഫൈൻ ആർട്സ് മത്സരങ്ങൾ

| ക്രമ നമ്പർ | മത്സരങ്ങൾ | മത്സരാർ-ത്ഥികൾ | സഹായികൾ | സമയം |
|---|---|---|---|---|
| 9 | പെയ്ന്റിംഗ് - ജലച്ചായം | 1 | | 2 മണിക്കൂർ |
| 10 | പെയ്ന്റിംഗ് - എണ്ണച്ചായം | 1 | | 3 മണിക്കൂർ |
| 11 | കാർട്ടൂൺ രചന | 1 | | 1 മണിക്കൂർ |
| 12 | പെൻസിൽ ഡ്രോയിംഗ് | 1 | | 1 മണിക്കൂർ |
| 13 | ക്ളേ മോഡലിംഗ് | 1 | | 3 മണിക്കൂർ |
| 14 | കൊളാഷ് | 1 | | 2 മണിക്കൂർ |

| | | | | |
|---|---|---|---|---|
| 15 | എംബ്രോയിഡറി | 1 | | 2 മണിക്കൂർ |
| 16 | പോസ്റ്റർ രചന | 1 | | 2–2.5 മണിക്കൂർ |
| 17 | രംഗോളി | 1 | | 2–2.5 മണിക്കൂർ |
| 18 | ഫോട്ടോഗ്രാഫി | 1 | | 2–2.5 മണിക്കൂർ |
| 19 | പൂക്കളം | 3 | | 2 മണിക്കൂർ |

# സ്റ്റേജ് മത്സരങ്ങൾ

## 3 (i) സംഗീതമത്സരങ്ങൾ

| ക്രമ നമ്പർ | മത്സരങ്ങൾ | മത്സരാർ-ത്ഥികൾ | സഹായികൾ | സമയം |
|---|---|---|---|---|
| 20 | ലളിതസംഗീതം (ആൺ, പെൺ, പ്രത്യേകം) | 1 | 2 | 5 മിനുട്ട് |
| 21 | ക്ളാസ്സിക്കൽ സംഗീതം (ആൺ, പെൺ, പ്രത്യേകം) | 1 | 2 | 10 മിനുട്ട് |
| 22 | സംഘഗാനം ( ഇന്ത്യൻ) | 6 | 3 | 10 മിനുട്ട് |
| 23 | സംഘഗാനം (പാശ്ചാത്യം) | 6 | 3 | 10 മിനുട്ട് |
| 24 | മാപ്പിളപ്പാട്ട് (ഗ്രൂപ്പ്) | 6 | - | 10 മിനുട്ട് |
| 25 | മാപ്പിളപ്പാട്ട് (വ്യക്തിഗതം (ആൺ, പെൺ, പ്രത്യേകം) | 1 | - | 5 മിനുട്ട് |
| 26 | പാശ്ചാത്യസംഗീതം (വ്യക്തിഗതം) | 1 | 2 | 4–6 മിനുട്ട് |
| 27 | നാടോടി സംഗീതം (ഗ്രൂപ്പ്) | 9 | - | 8–10 മിനുട്ട് |
| 28 | സെമിക്ളാസ്സിക്കൽ സംഗീതം (വ്യക്തിഗതം ഹിന്ദുസ്ഥാനി/ കർണാടക സംഗീതം) | 1 | 2 | 8–10 മിനുട്ട് |
| 29 | ദേശഭക്തിഗാനം (ഗ്രൂപ്പ്) | 7 | | 5 മിനുട്ട് |





| | | | | |
|---|---|---|---|---|
| 30 | കഥകളി സംഗീതം (ആൺ, പെൺ, പ്രത്യേകം) | 1 | | 10 മിനുട്ട് |
| 31 | ഗാനമേള (പിന്നണി കുട്ടികളായിരിക്കണം) | 3+4 | | 10 മിനുട്ട് |
| 32 | കവിതാപാരായണം | 1 | 1 | 5 മിനുട്ട് |

## 3 (ii) ഉപകരണസംഗീതം

| ക്രമ നമ്പർ | മത്സരങ്ങൾ | മത്സരാർ-ത്ഥികൾ | സഹായികൾ | സമയം |
|---|---|---|---|---|
| 33 | തുകൽ വാദ്യങ്ങൾ (പൗരസ്ത്യം)<br>1. ചെണ്ട/ഇടയ്ക്ക, മദ്ദളം<br>2. തബല/പക്കവാദ്യം<br>3. മൃദംഗം/ഗഞ്ചിറ/ഘടം/ തകിൽ | 1 | | 10 മിനുട്ട്സ് |
| 34 | തുകൽ വാദ്യങ്ങൾ (പാശ്ചാത്യം)<br>1. ട്രിപ്പിൾ ഡ്രം<br>2. ജാസ്സ് | 1 | | 10 മിനുട്ട്സ് |
| 35 | തന്ത്രി വാദ്യങ്ങൾ (പൗരസ്ത്യം)<br>1. വയലിൻ/വീണ | 1 | | 10 മിനുട്ട്സ് |
| 36 | തന്ത്രി വാദ്യങ്ങൾ (പാശ്ചാത്യം)<br>1 .വയലിൻ/ബൻജോ/ഗിറ്റാർ/ മൻഡോലിൻ | 1 | | 10 മിനുട്ട്സ് |
| 37 | സുഷിര വാദ്യങ്ങൾ (പൗരസ്ത്യം)<br>പുല്ലാങ്കുഴൽ/ബാംസുരി/ നാഗസ്വരം /ഹാർമോണിയം | 1 | | 10 മിനുട്ട്സ് |
| 38 | സുഷിര വാദ്യങ്ങൾ (പാശ്ചാത്യം)<br>ഹാർമോണിയം/ അക്കോർഡിയൻ /ക്ളാർനറ്റ്/ സ്ക്സഫോൺ | 1 | | 10 മിനുട്ട്സ് |

| | | | | |
|---|---|---|---|---|
| 39 | ചെണ്ടമേളം (ഗ്രൂപ്പ്) | 7 | | 10 മിനുട്ട് |
| 40 | പഞ്ചവാദ്യം (ഗ്രൂപ്പ്) | 7 | | 20 മിനുട്ട് |
| 41 | ബാൻഡ് മേളം (ഗ്രൂപ്പ്) | 12 | | 20 മിനുട്ട് |
| 42 | ചെണ്ട (തായമ്പക) (പിന്നണി കുട്ടികളായിരിക്കണം) | 1+4 | | 10 മിനുട്ട് |
| 43 | മദ്ദളം (ഗ്രൂപ്പ്) (പിന്നണി കുട്ടികളായിരിക്കണം) | 1+3 | | 10 മിനുട്ട് |

## 4. നൃത്തമത്സരങ്ങൾ

| ക്രമ നമ്പർ | മത്സരങ്ങൾ | മത്സരാർ-ത്ഥികൾ | സഹായി കൾ | സമയം |
|---|---|---|---|---|
| 44 | കഥകളി ( ആൺ, പെൺ, പ്രത്യേകം) വ്യക്തിഗതം | 1 | | 15 മിനുട്ട് |
| 45 | കഥകളി (ഗ്രൂപ്പ്) | 2 (മിനിമം) | | 30 മിനുട്ട് |
| 46 | ഭരതനാട്യം | 1 | 3 | 15 മിനുട്ട് |
| 47 | മോഹിനിയാട്ടം | 1 | 3 | 15 മിനുട്ട് |
| 48 | ക്ളാസ്സിക്കൽ ഡാൻസ്-മറ്റുള്ളവ(കുച്ചുപ്പുടി/ഒഡീസി/കഥക്/മണിപ്പൂരി) | 1 | 3 | 15 മിനുട്ട് |
| 49 | നാടോടി നൃത്തം (ആൺ, പെൺ പ്രത്യേകം) - വ്യക്തിഗതം | 1 | 3 | 10 മിനുട്ട് |
| 50 | തുള്ളൽ (ഓട്ടൻ തുള്ളൽ, പറയൻ തുള്ളൽ, ശീതങ്കൻ തുള്ളൽ) | 1 | 2 | 10 മിനുട്ട് |
| 51 | കൂടിയാട്ടം | 7 | | 30 മിനുട്ട് |
| 52 | ചാക്യാർ കൂത്ത് (ആൺ) | 1 | 1 | 20 മിനുട്ട് |
| 53 | നാടോടിനൃത്തം (ഗ്രൂപ്പ്) (ആൺ, പെൺ, പ്രത്യേകം) | 8 | 5 | 10 മിനുട്ട് |





| | | | | |
|---|---|---|---|---|
| 54 | തിരുവാതിരക്കളി (പെൺകുട്ടികൾ മാത്രം) | 8 | | 10 മിനുട്ട് |
| 55 | കോൽക്കളി | 12 | | 10 മിനുട്ട് |
| 56 | ദഫ്മുട്ട് | 10 | | 10 മിനുട്ട് |
| 57 | ഒപ്പന (ആൺ, പെൺ പ്രത്യേകം) | 7 | 3 | 10 മിനുട്ട് |
| 58 | മാർഗ്ഗം കളി (പെൺ) | 8 | 2 | 10 മിനുട്ട് |
| 59 | പരിചമുട്ടുകളി (ആൺ) | 8 | | 10 മിനുട്ട് |
| 60 | പൂരക്കളി (ആൺ) | 12 | | 10 മിനുട്ട് |
| 61 | കേരള നടനം | 1 | 3 | 15 മിനുട്ട് |

## 5. തിയേറ്റർ മത്സരങ്ങൾ

| ക്രമ നമ്പർ | മത്സരങ്ങൾ | മത്സരാർ-ത്ഥികൾ | സഹായി കൾ | സമയം |
|---|---|---|---|---|
| 62 | നാടകം (മലയാളം, ഇംഗ്ളീഷ്, ഹിന്ദി, സംസ്കൃതം) | 8 | | 30 മിനുട്ട് |
| 63 | മൈം | 1-6 | | 5 മിനുട്ട് |
| 64 | സ്കിറ്റ്സ് | 6 | 3 | 8-10 മിനുട്ട് |
| 65 | കഥാപ്രസംഗം | 1 | 3 | 15 മിനുട്ട് |
| 66 | മോണോ ആക്റ്റ് | 1 | | 5 മിനുട്ട് |
| 67 | മിമിക്രി | 1 | | 5 മിനുട്ട് |

# ദക്ഷിണ മേഖലാ – ദേശീയ കലോത്സവത്തിനുള്ള ടീം തെരഞ്ഞെടുപ്പ് മാർഗ്ഗരേഖകൾ

1. അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് (AIU) നിർദ്ദേശപ്രകാരം, ദക്ഷിണ മേഖലാ/ദേശീയ കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് ഒരു യൂണിവേഴ്സിറ്റിക്ക് 2 ടീം ലീഡർമാർ (ഡീൻ, വനിതാ ടീം ലീഡർ), 8 പിന്നണി കലാകാരന്മാർ, 30 മത്സരാർത്ഥികൾ എന്നിവരുൾപ്പെടെ പരമാവധി 40 അംഗങ്ങളുള്ള ടീമിനെ മാത്രമേ അയക്കാനാവൂ.
2. തൊട്ടു മുൻപ് നടന്ന ഇന്റർസോൺ കലോത്സവത്തിലെ വിജയികളെ മാത്രമേ ദക്ഷിണ മേഖലാ/ദേശീയ മത്സരങ്ങളിലേക്ക് മത്സരാർത്ഥികളായി പരിഗണിക്കുകയുള്ളൂ.
3. ഇന്റർസോൺ കലോത്സവത്തിൽ 120-ൽ കൂടുതൽ ഇനങ്ങൾ ഉള്ള സ്ഥാനത്ത് AIU നടത്തുന്ന കലോത്സവത്തിൽ 26 ഇനങ്ങൾ മാത്രമാണ് ഉള്ളത്. ആയതിനാൽ ദക്ഷിണ മേഖലാ/ദേശീയ കലോത്സവത്തിലെ ചില ഇനങ്ങളിലേക്കുള്ള മത്സരാർത്ഥികളെ, സമാന ഇനങ്ങളിൽ ഇന്റർ സോൺ മത്സരത്തിൽ നേടിയ ആകെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുക്കുക. ഉദാ: ക്ളാസ്സിക്കൽ ഡാൻസ് ഇനത്തിലെ മത്സരാർത്ഥിയെ (ദക്ഷിണ മേഖലാ/ദേശീയ മത്സരങ്ങളിൽ ക്ളാസ്സിക്കൽ ഡാൻസ് ഒറ്റ ഇനമാകയാൽ) അവർ ഇന്റർസോണിൽ ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി എന്നവയിൽ നേടിയ ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കും.
4. നമ്മുടെ യൂണിവേഴ്സിറ്റി മുൻവർഷങ്ങളിൽ (ദക്ഷിണ മേഖലാ/ദേശീയ മത്സരങ്ങളിൽ) സമ്മാനം നേടിയ ഇനങ്ങളിലേയ്ക്കുള്ള മത്സരാർത്ഥികൾക്ക് മുൻഗണന നല്കും.
5. യൂണിവേഴ്സിറ്റിയുടെ സംഗീത/നാടക വകുപ്പുകളിലെ വിദഗ്ധരുമായി ആലോചിച്ച് വിദ്യാർത്ഥി ക്ഷേമവിഭാഗം ഡീൻ ടീമിനെ തെരഞ്ഞെടുക്കും.

***********